## പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7775 — 15-07-2014 ന് മറുപടിയ്ക്ക്

## പറമ്പിക്കുളത്തേക്കുള്ള റോഡു സൗകര്യം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. വി. ചെന്താമരാക്ഷൻ** | **ശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ (ബഹു. വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി)** |
| (എ) പറമ്പിക്കുളത്തേയ്ക്ക് പോകുന്നതിന് കേരളത്തിലൂടെ നിലവിൽ റോഡ് സൗകര്യം ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട് |
| (ബി) തമിഴ് നാടിന്റെ റോഡുകളെ ആശ്രയിച്ച് എത്ര കാലം പറമ്പിക്കുളത്തേയ്ക്ക് പോകാൻ കഴിയുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | (ബി) കേരളത്തിൽ നിന്നും പറമ്പിക്കുളത്തേയ്ക്ക് പോകുന്നതിനും വരുന്നതിനും തമിഴ്നാട് അതിർത്തിക്കുള്ളിലുള്ള പൊതുനിരത്തിൽ കേരളത്തിന് "വഴിക്കുള്ള അവകാശം" (Right of Way) നിലവിലുണ്ട്. |
| (സി) പറമ്പിക്കുളം വനമേഖലയിലേയ്ക്ക് കേരളത്തിലൂടെ പോകുന്നതിന് ആവശ്യമായ റോഡ് സൗകര്യം ഉണ്ടാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ? | (സി) പറമ്പിക്കുളത്തേയ്ക്ക് കേരളത്തിനുള്ളിലൂടെ വാഹന ഗതാഗത സൗകര്യമുള്ള റോഡ് നിർമ്മിക്കുന്നത് സംബന്ധിച്ച് കേരള നിയമ സഭയുടെ സബ്ജക്ട് കമ്മിറ്റി (2) (ഭൂനികുതി, വനം, മത്സ്യബന്ധനം) 1988-89 എടുത്ത തീരുമാനപ്രകാരം പാരിസ്ഥിതികാഘാത പഠനം നടത്തുകയുണ്ടായി. പീച്ചിയിലെ കേരള വന ഗവേഷണ ഇൻസ്റ്റിറ്റ്യൂട്ട് 2011, 2012 വർഷങ്ങളിൽ നടത്തിയ പാരിസ്ഥിതിക ആഘാത പഠനങ്ങളുടെ റിപ്പോർട്ട് പ്രകാരം, നടപ്പാതയും വനപാതകളും വാഹന ഗതാഗത യോഗ്യമായ റോഡായി നിർമ്മിക്കുന്നത് അവിടുത്തെ വനത്തിനും വന്യജീവി ആവാസ വ്യവസ്ഥയ്ക്കും വൻ തോതിൽ നാശം ഉണ്ടാക്കുമെന്ന് കണ്ടെത്തിയിട്ടുണ്ട്. ആയതിനാൽ കേരളത്തിലെ വനങ്ങളിലൂടെ പറമ്പിക്കുളത്തേയ്ക്ക് വാഹന ഗതാഗത സൗകര്യമുള്ള റോഡ് നിർമ്മിക്കുന്നതിനുള്ള നിർദ്ദേശം പ്രായോഗികമല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. |

A K Haf

സെക്ഷൻ ഓഫീസർ